അബുൽഅഅ്‌ലാ മൗദൂദി

# മരണാനന്തര ജീവിതം

# മരണാനന്തര ജീവിതം

അബുൽഅഅ്ലാ മൗദൂദി

വിവർത്തനം

വി.പി. മുഹമ്മദലി

പ്രസാധനം

ജമാഅത്തെ ഇസ്‌ലാമി കേരള

വിതരണം

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

**MARANANANTHARA JEEVITHAM** *(Malayalam)*
*(Metaphysics)*
By ABUL A'LA MOUDOODI

*Translator:* *V.P. Muhammed Ali*

Publishers:
**JAMA'ATE ISLAMI KERALA**
Hira Centre, Kozhikode- 673 004
Kerala State, India
E-mail : hiracentre@asianetindia.com
First Published : 1957
25th Edition: August 2009
Cover Design : Nasar Eramangalam
Typesetting : I.P.H. DTP
Printers : Kairaly Offset, Calicut
Rights with the Publishers

Distribution:
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@dataone.in
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -1
I.P.H, Masjid Building, Kunnumal, Malappuram- 676 505

**Price Rs : 10.00**

---

MAJ Sub 11, SN 19/4000 TC 92000 ISBN 978-81-8271-502-8

# പ്രസാധകക്കുറിപ്പ്

മരണം സുനിശ്ചിതമാണ്. അക്കാര്യത്തിൽ ആരും ഇന്നേ വരെ സംശയമുന്നയിച്ചിട്ടില്ല. മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുമോ? അതോ മറ്റൊരു രൂപത്തിൽ മരണശേഷവും തുടരുമോ? ഈ ലോകത്തെ കർമങ്ങളുടെ ഫലം മറ്റൊരു ജീവിതത്തിൽ അനുഭവിക്കേണ്ടി വരുമോ? ഈ ചോദ്യങ്ങൾക്ക് വ്യത്യസ്തമായ ഉത്തരങ്ങളാണ് നമുക്ക് ലഭിക്കുക. ഈ ലോകത്തെ ഹ്രസ്വമായ ജീവിതത്തിനു ശേഷം മറ്റൊരു ലോകത്ത് ജീവിതം തുടരുമെന്ന് മിക്ക മതങ്ങളും ഉദ്ഘോഷിക്കുന്നു. ഭൂമിയിൽത്തന്നെ പുനർജനിച്ചുകൊണ്ടാണ് ജീവിതത്തിന്റെ തുടർച്ചയെന്ന് ചിലർ; ഭൂമിയിലെ ജീവിതം അവസാനിക്കുന്നതോടെ മറ്റൊരു ജീവിതത്തിന് ഒരു സാധ്യതയുമില്ലെന്ന് വേറെ ചിലർ. അജ്ഞേയവാദികളാകട്ടെ, മരണാനന്തരജീവിതം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഐഹികജീവിതവുമായി അതിനെ ബന്ധിപ്പിക്കേണ്ടതില്ലെന്ന് വാദിക്കുന്നു. ഇത്തരം ചോദ്യങ്ങൾക്കും സംശയങ്ങൾക്കും യുക്തിഭദ്രവും വ്യക്തവുമായ മറുപടിയാണ് മൗലാനാ മൗദൂദിയുടെ ഈ ലഘുകൃതി.

## അബുൽ അഅ്‌ലാ മൗദൂദി (1903-1979)

പണ്ഡിതൻ, പരിഷ്കർത്താവ്, ഗ്രന്ഥകാരൻ. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതൽ ഇസ്‌ലാമിക ലോകത്ത് അലയടിച്ചു തുടങ്ങിയ ഇസ്‌ലാമിക നവജാഗരണത്തിന്റെ പ്രധാന ശിൽപി. 1903 സെപ്തംബർ 25-ന് ഔറംഗാബാദിൽ ഒരു സയ്യിദ് കുടുംബത്തിൽ ജനനം. പിതാവ്: അഹ്മദ് ഹസൻ. മാതാവ്: റുഖിയാബീഗം. പിതാവിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം. 1914-ൽ മൗലവി പരീക്ഷ പാസായി. അറബി, ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകളിൽ പ്രാവീണ്യം നേടി. മതം, തത്ത്വചിന്ത, സാമൂഹിക ശാസ്ത്രം, രാഷ്ട്രമീമാംസ തുടങ്ങിയ ഗഹനമായ വിഷയങ്ങളിൽ സ്വപരിശ്രമത്തിലൂടെ അവഗാഹം നേടി. 1918-ൽ *അൽമദീന*, 1920-ൽ *താജ്*, 1925-ൽ *അൽ ജംഇയ്യത്* എന്നിവയിൽ പത്രാധിപരായി പ്രവർത്തിച്ചു. 1927-ൽ പ്രഥമകൃതി *അൽജിഹാദു ഫിൽ ഇസ്‌ലാം* രചിച്ചു. 1932-ൽ *തർജുമാനുൽ ഖുർആൻ* ആരംഭിച്ചു. 1941-ൽ ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിച്ചു. 1953-ൽ ഖാദിയാനീ മസ്അലയുടെ പേരിൽ അറസ്റ്റ്, വധശിക്ഷാവിധി. പ്രതിഷേധത്തെത്തുടർന്ന് ജീവപര്യന്തം തടവാക്കി. 1955-ൽ ജയിൽമോചിതനായി. 1972-ൽ തഫ്ഹീമുൽ ഖുർആൻ രചന പൂർത്തിയാക്കി. 1979-ൽ പ്രഥമ ഫൈസൽ അവാർഡ് നേടി. 120-ൽ പരം കനപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ചു. 1979 സെപ്തംബർ 22-ന് മരണപ്പെട്ടു.

## വി.പി. മുഹമ്മദലി (ഹാജി സ്വാഹിബ്)

കേരള ജമാഅത്തെ ഇസ്‌ലാമി സ്ഥാപകൻ, ആദ്യ അമീർ, പണ്ഡിതൻ, വാഗ്മി, സംഘാടകൻ. മലപ്പുറം ജില്ലയിലെ എടയൂരിൽ വലിയപറമ്പ് തറവാട്ടിൽ 1912-ൽ ജനനം. പിതാവ്: പോക്കാമുട്ടി ഹാജി. മാതാവ്: ചങ്ങമ്പള്ളി കുഞ്ഞാലൻകുട്ടി ഗുരുക്കളുടെ മകൾ ഫാത്വിമ. ഔദ്യോഗിക വിദ്യാഭ്യാസം 4-ാം ക്ലാസ്. ചൂനൂര് മുഹമ്മദ് മുസ്‌ലിയാരിൽ നിന്ന് മതപഠനം. എടക്കുളം, മണ്ണാർക്കാട്, ആലത്തൂർ, മഞ്ചേരി പള്ളിദർസുകളിലും വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിലും ഉമറാബാദ് ദാറുസ്സലാം അറബിക്കോളേജിലും പഠിച്ചു. ഇമാം ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീൻ* ഏറെ സ്വാധീനിച്ചു. ചെറുപ്രായത്തിൽ തന്നെ ത്യാഗപൂർണമായ യാത്രയിലൂടെ ഹജ്ജ് നിർവഹിച്ചു. ആദ്യകാലത്ത് കോൺഗ്രസ് അനുകൂലിയായിരുന്നു. പഴയങ്ങാടി കുളങ്കര പള്ളിയിലും മദ്റസയിലും ജോലിചെയ്യവെ മൗദൂദി സ്വാഹിബ് പുറത്തിറക്കുന്ന *തർജുമാനുൽ ഖുർആനു*മായി ബന്ധപ്പെട്ടു ജമാഅത്തിൽ ആകൃഷ്ടനായി. 1941-ഒക്ടോബർ 15-ന് സംഘടനയിൽ അംഗമായി. 2 വർഷം മൗദൂദി സ്വാഹിബിനൊപ്പം പഠാൻകോട്ടിൽ താമസിച്ചു. 1944-ൽ കേരളത്തിലെ ആദ്യ ജമാഅത്ത് ഘടകം, ജമാഅത്തുൽ മുസ്തർശിദീൻ രൂപവത്കരിച്ചു. 1945-ൽ കേന്ദ്ര ജമാഅത്ത് നൽകിയ 700 രൂപ മൂലധനമാക്കി ഐ.പി.എച്ച് ആരംഭിച്ചു. *ഇസ്‌ലാംമതം* പരിഭാഷപ്പെടുത്തി പുറത്തിറക്കി; തുടർന്ന് *രക്ഷാസരണി*യും. 1949 ആഗസ്ത് 1-ന് *പ്രബോധനം* ആരംഭിച്ചു. 1955-ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. 1959 ഒക്ടോബർ 2-ന് അന്ത്യം. ഭാര്യ: ഉമ്മു ആഇശ.

# മരണാനന്തര ജീവിതം

മരണാനന്തരം മറ്റൊരു ജീവിതമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയുള്ളത്? ഈ ചോദ്യം യഥാർഥത്തിൽ നമ്മുടെ അറിവിന് പ്രാപ്യമായ പരിധിയിൽനിന്ന് വളരെ വിദൂരത്താണ്. മരണാനന്തരം എന്തുണ്ട്, എന്തില്ല എന്ന് മരണാതിർത്തിക്കപ്പുറം എത്തിനോക്കാവുന്ന ദൃഷ്ടി നമുക്കില്ല. അവിടത്തെ വല്ല ശബ്ദവും കേൾക്കത്തക്ക കാതും നമുക്കില്ല. മരണാനന്തരം വല്ലതും ഉണ്ടോ ഇല്ലേ എന്ന് നിരീക്ഷിച്ചറിയാനുതകുന്ന ഉപകരണവും നമ്മുടെ പക്കലില്ല. അതിനാൽ, ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം പ്രസ്തുത ചോദ്യം അതിന്റെ പരിധിയിൽനിന്ന് തികച്ചും പുറത്താണ്. ശാസ്ത്രത്തിന്റെ പേരിൽ മരണാനന്തരം യാതൊരു ജീവിതവും ഇല്ലെന്ന് പറയുന്നവൻ, കേവലം അശാസ്ത്രീയവും യുക്തിവിരുദ്ധവുമായ വാദമാണ് വാസ്തവത്തിൽ പുറപ്പെടുവിക്കുന്നത്. തിട്ടമായ വല്ല വിജ്ഞാനമാർഗവും ലഭിക്കാത്ത കാലത്തോളം മരണാനന്തരം മറ്റൊരു ജീവിതം ഉണ്ടെന്നോ ഇല്ലെന്നോ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പറയുക സാധ്യമല്ല. മരണാനന്തര ജീവിതത്തെ നിഷേധിക്കുകയോ സമ്മതിക്കുകയോ ചെയ്യാതിരിക്കുകയെന്ന നയമേ, ചുരുങ്ങിയപക്ഷം, ശാസ്ത്രീയ നയമായിരിക്കുകയുള്ളൂ.

എന്നാൽ, കർമജീവിതത്തിൽ ഈ ശാസ്ത്രീയ നയം പാലിക്കുക സാധ്യമാണോ? ഒരുപക്ഷേ എന്നല്ല, തീർച്ചയായും സാധ്യമല്ല. ഒരു വസ്തുവിന്റെ യാഥാർഥ്യം അറിയാനുള്ള മാർഗങ്ങൾ നമ്മുടെ പക്കലി

ല്ലാതെ വരുമ്പോൾ, അതുണ്ടെന്നോ ഇല്ലെന്നോ വാദിക്കുന്നതിൽനിന്ന് നാം ഒഴിഞ്ഞുനിൽക്കുകയെന്നത് യുക്തിപരമായി നോക്കുമ്പോൾ തീർച്ചയായും സാധ്യമാണ്. എന്നാൽ അതേ വസ്തുവിന് നമ്മുടെ കർമജീവിതവുമായി ബന്ധമുണ്ടായിരിക്കുമ്പോൾ അതിന്റെ നിഷേധത്തിലോ സ്ഥാപനത്തിലോ-രണ്ടിലൊന്നിൽ-നമ്മുടെ കർമനയം കെട്ടിപ്പടുക്കുകയല്ലാതെ ഗത്യന്തരമില്ല. ഉദാഹരണമായി, ഒരപരിചിത വ്യക്തിയുമായി നമുക്ക് യാതൊരിടപാടും നടത്തേണ്ടതായിട്ടില്ലാതിരിക്കെ അവന്റെ വിശ്വസ്തതയെ സംബന്ധിച്ച് അനുകൂലമായോ പ്രതികൂലമായോ യാതൊരു തീരുമാനവും കൽപിക്കാതിരിക്കുക നമുക്ക് സാധ്യമായേക്കും. എന്നാൽ, അതേ വ്യക്തിയുമായി നമുക്കിടപെടേണ്ടി വരുമ്പോൾ, വിശ്വാസ്യനെന്നോ വിശ്വാസ്യനല്ലെന്നോ ധരിച്ച് അവനുമായി ഇടപെടുവാൻ നാം നിർബന്ധിതരാകുന്നു. വിശ്വസ്തനെന്നോ അല്ലെന്നോ തെളിയാതിരിക്കുന്ന കാലത്തോളം നമുക്കവനുമായി സംശയത്തോടുകൂടി ഇടപെടാമെന്നത് ശരിതന്നെ. പക്ഷേ, അവന്റെ വിശ്വസ്തതയിൽ സംശയിച്ച് നാം നടത്തുന്ന ഇടപാട് ഫലത്തിൽ വിശ്വസ്തതയെ നിഷേധിച്ച് നടത്തുന്ന ഇടപാടിന് തുല്യമായിരിക്കുമെന്ന് വ്യക്തമാണ്. അതിനാൽ, നിഷേധത്തിനും സമ്മതത്തിനുമിടക്കുള്ള സംശയാവസ്ഥ ഹൃദയത്തിൽ മാത്രമേ നിലനിൽക്കുകയുള്ളൂ. കർമനയം സംശയത്തിൽ കെട്ടിപ്പടുക്കുക ഒരു വിധത്തിലും സാധ്യമല്ല. അതിനു സമ്മതമോ നിഷേധമോ രണ്ടിലൊന്ന് ഏതു നിലക്കും അനിവാര്യമാണ്.

മരണാനന്തര ജീവിതപ്രശ്നമെന്നത് കേവലം ദാർശനിക പ്രശ്നമല്ല. നമ്മുടെ കർമജീവിതവുമായി അതിന് അഭേദ്യബന്ധമുണ്ട്. ഈ സംഗതി അൽപം ചിന്തിക്കുന്നപക്ഷം മനസ്സിലാക്കാവുന്നതാണ്. നമ്മുടെ ധാർമിക-സദാചാരനയം മുഴുവനും വാസ്തവത്തിൽ ഇതേ പ്രശ്നത്തെ ആശ്രയിച്ചിരിക്കുന്നു. ഐഹികജീവിതം മാത്രമാണ് ജീവിതമെന്നും ഇതിനപ്പുറം മറ്റൊരു ജീവിതം ഇല്ലെന്നുമാണ് ഞാൻ വിശ്വസിക്കുന്നതെങ്കിൽ എന്റെ ധാർമികനയം ഒരു വിധത്തിലായിരിക്കും. മറിച്ച്, ഐഹിക ജീവിതത്തിനു ശേഷം മറ്റൊരു ജീവിതമുണ്ടെന്നും, ഐഹികജീവിതത്തിലെ സകല പ്രവർത്തനങ്ങളെക്കുറിച്ചും എനിക്കവിടെ കണക്ക് ബോധിപ്പിക്കേണ്ടതുണ്ടെന്നും അവിടത്തെ നല്ലതോ തിയ്യതോ ആയ പരിണാമം ഇവിടത്തെ കർമങ്ങളെ ആശ്രയിച്ച് നിലകൊള്ളുന്നുവെന്നുമാണ് ഞാൻ വിശ്വസിക്കുന്നതെങ്കിൽ ധാർമിക നയം ആദ്യത്തേതിൽനിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു വിധത്തിലായിരിക്കും.

ഒരുദാഹരണത്തിലൂടെ ഇത് മനസ്സിലാക്കാം. തനിക്ക് ബോംബെവരെ മാത്രമേ പോകേണ്ടതുള്ളൂവെന്നും അവിടെ എത്തിയാൽ തന്റെ യാത്ര എന്നന്നേക്കുമായി അവസാനിക്കുമെന്നും, മാത്രമല്ല വല്ലവിധത്തിലും തന്നെ ചോദ്യംചെയ്യാവുന്ന പോലീസ്, കോടതി തുടങ്ങിയ എല്ലാ ശക്തികളുടെയും പിടിയിൽനിന്ന് താൻ മുക്തി നേടുമെന്നും വിചാരിച്ച് ഒരാൾ യാത്രചെയ്യുന്നു; മറ്റൊരു വ്യക്തിയാവട്ടെ ബോംബെ വരേയുള്ള യാത്ര വാസ്തവത്തിൽ തന്റെ യാത്രയുടെ ആദ്യഘട്ടം മാത്രമാണെന്നും തനിക്കവിടെനിന്നും സമുദ്രം താണ്ടി മറ്റൊരു നാട്ടിൽ പോകേണ്ടതുണ്ടെന്നും തന്റെ രാജ്യം ഭരിക്കുന്ന രാജാവ് തന്നെയാണവിടെയും രാജാവെന്നും താൻ സ്വന്തം രാജ്യത്ത് ചെയ്ത മുഴുവൻ പ്രവർത്തനങ്ങളുടെയും രഹസ്യ റിക്കാർഡുകൾ രാജാവിന്റെ പക്കലുണ്ടെന്നും അവിടെവെച്ച് രാജാവ് റിക്കാർഡുകൾ പരിശോധിച്ച് പ്രവർത്തനങ്ങൾക്കനുയോജ്യമായ രക്ഷാശിക്ഷകൾ നൽകുമെന്നും ധരിച്ചുകൊണ്ടാണ് യാത്രചെയ്യുന്നത്. ഈ രണ്ടു വ്യക്തികളുടെയും കർമരീതികൾ എന്തുമാത്രം ഭിന്നമായിരിക്കുമെന്ന് നിങ്ങൾക്ക് സ്വയം അനുമാനിക്കാവുന്നതാണ്. ഒന്നാമത്തെ വ്യക്തി ബോംബെ വരേക്കുള്ള യാത്രാസജ്ജീകരണങ്ങളേ ചെയ്കയുള്ളൂ. രണ്ടാമനാകട്ടെ, അവിടന്നങ്ങോട്ടുള്ള നീണ്ട ഘട്ടങ്ങൾക്കുവേണ്ടിയും ഒരുക്കങ്ങൾ ചെയ്യുന്നതാണ്. ലാഭചേതങ്ങൾ വല്ലതുമുണ്ടെങ്കിൽ ബോംബെ എത്തുന്നതുവരെ മാത്രമാണെന്നും അവിടന്നങ്ങോട്ട് ഒന്നും ഇല്ലെന്നും ഒന്നാമൻ മനസ്സിലാക്കും. രണ്ടാമനാകട്ടെ, സാക്ഷാൽ ലാഭനഷ്ടങ്ങൾ യാത്രയുടെ ആദ്യഘട്ടത്തിലല്ല, അന്ത്യഘട്ടത്തിലാണെന്നാണ് മനസ്സിലാക്കുക. ബോംബെ വരെയുള്ള യാത്രയിൽ പ്രത്യക്ഷപ്പെടാവുന്ന കർമഫലങ്ങൾ മാത്രമേ ഒന്നാമൻ വീക്ഷിക്കയുള്ളൂ. രണ്ടാമന്റെ ദൃഷ്ടിയാകട്ടെ സമുദ്രത്തിനപ്പുറം, മറുനാട്ടിൽ പ്രവേശിച്ചശേഷം വെളിപ്പെടുന്ന അന്ത്യഫലങ്ങളിലാണ് പതിഞ്ഞിരിക്കുക. ഈ രണ്ട് വ്യക്തികളുടെയും കർമനയങ്ങളിലുണ്ടായ അന്തരം, യാത്രയുടെ സ്വഭാവത്തെ സംബന്ധിച്ച് അവർ രൂപീകരിച്ച അഭിപ്രായങ്ങളുടെ നേരിട്ടുള്ള ഫലമാണെന്നത് വ്യക്തമാണ്.

നമ്മുടെ ധാർമിക ജീവിതത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ ആദർശം നമ്മുടെ സദാചാരജീവിതത്തിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. മരണാനന്തര ജീവിതത്തിന്റെ നിഷേധമോ സമ്മതമോ ആണ്, കർമരംഗത്ത് നമ്മുടെ ഓരോ കാൽവെപ്പിന്റെയും ഭാഗധേയം നിർണയിക്കുന്നത്. ഇഹലോക ജീവിതത്തെ ആദ്യവും അന്ത്യവുമായി കണക്കാക്കി നാം പ്രവർത്തനരം

ഗങ്ങളിലിറങ്ങുമ്പോൾ നമ്മുടെ കാലടികൾ ഒരു ഭാഗത്തേക്ക് ചലിച്ചുതുടങ്ങും. മരണാനന്തര ജീവിതത്തെയും അവിടത്തെ അന്ത്യഫലത്തെയും വീക്ഷിച്ചു പ്രവർത്തനമാരംഭിക്കുമ്പോൾ തികച്ചും വ്യത്യസ്തമായ മറ്റൊരു ഭാഗത്തേക്കായിരിക്കും നമ്മുടെ കാലടികൾ നീങ്ങിത്തുടങ്ങുക.

മരണാനന്തര ജീവിതപ്രശ്നം കേവലം ചിന്താപരമോ തത്ത്വശാസ്ത്രപരമോ ആയ ഒന്നല്ല, കർമജീവിതത്തിന്റെ പ്രശ്നമാണ് എന്ന് ഇതിൽ നിന്ന് വ്യക്തമായി. വാസ്തവം ഇതാണെങ്കിൽ, ഈ വിഷയത്തിൽ സംശയസ്ഥാനത്ത് നിലകൊള്ളുക നമ്മെ സംബന്ധിച്ചിടത്തോളം ഒരു വിധത്തിലും സാധ്യമല്ല. ജീവിതത്തിൽ സംശയത്തോടുകൂടി നാം കൈക്കൊള്ളുന്ന നയം നിഷേധത്തോടൊപ്പം കൈക്കൊള്ളുന്ന നയത്തിനു തുല്യമായിരിക്കും. അതിനാൽ, മരണാനന്തരം വല്ല ജീവിതവുമുണ്ടോ ഇല്ലേ എന്ന് നിർണയിക്കുവാൻ ഏതു നിലക്കും നാം നിർബന്ധിതരാണ്. ഇക്കാര്യത്തിൽ ശാസ്ത്രം നമ്മെ സഹായിക്കുന്നില്ലെങ്കിൽ നമുക്ക് ബുദ്ധിപരമായ തെളിവുകളുടെ സഹായം തേടേണ്ടിയിരിക്കുന്നു.

എന്നാൽ, ബുദ്ധിപരമായ തെളിവുശേഖരണത്തിന് നമ്മുടെ പക്കലുള്ള കോപ്പുകളെന്തൊക്കെയാണ്? നമ്മുടെ മുമ്പിലിരിക്കുന്നതിലൊന്ന് മനുഷ്യൻ തന്നെ; മറ്റൊന്ന് ഈ പ്രാപഞ്ചിക വ്യവസ്ഥയും. മനുഷ്യനെ പ്രാപഞ്ചിക വ്യവസ്ഥക്കുള്ളിൽവെച്ച് നമുക്കൊന്നു പരിശോധിക്കാം. അവനിൽ സ്ഥിതി ചെയ്യുന്ന സർവതിന്റെയും മുഴുവൻ ആവശ്യങ്ങളും താൽപര്യങ്ങളും ഈ വ്യവസ്ഥയിൽ പൂർത്തിയാകുന്നുണ്ടോ? അഥവാ, മറ്റൊരു തരം വ്യവസ്ഥ ആവശ്യമായി വരത്തക്കവിധം വല്ലതും പൂർത്തിയാവാതെ അവനിൽ ബാക്കി നിൽപുണ്ടോ?

നോക്കുക: നിരവധി ഖനിജങ്ങൾ, ലവണങ്ങൾ, വെള്ളം, വാതകം എന്നിവയുടെ സമാഹാരമായ ഒരു ശരീരം മനുഷ്യന്നുണ്ട്. മണ്ണ്, കല്ല്, ലോഹങ്ങൾ, ഉപ്പ്, വായു, വെള്ളം തുടങ്ങിയ വസ്തുക്കൾ പ്രപഞ്ചത്തിലും സ്ഥിതിചെയ്യുന്നു. ഈ വസ്തുക്കളുടെ പ്രവർത്തനത്തിനാവശ്യമായ നിയമങ്ങളത്രയും പ്രപഞ്ചത്തിൽ നിലവിലുണ്ട്. ബാഹ്യലോകത്ത് പർവതം, സമുദ്രം, വായു എന്നിവക്ക് അവയുടേതായ പ്രവർത്തനപൂർത്തീകരണത്തിന് പ്രസ്തുത നിയമങ്ങൾ അവസരം നൽകുന്നതുപോലെ, മനുഷ്യശരീരത്തിലെ ഖനിജം, വായു, ജലം എന്നീ അംശങ്ങൾക്കും അവയുടേതായ പ്രവർത്തനങ്ങൾക്ക് പൂർണാവസരമുണ്ട്.

മനുഷ്യനാകട്ടെ, ചുറ്റുപാടുമുള്ള വസ്തുക്കളിൽനിന്ന് ആഹാരമെടുത്തു വളരുന്ന ജീവിയാണ്. ഇതേയിനത്തിൽപെട്ട മരങ്ങളും ചെടികളും മറ്റും പ്രപഞ്ചത്തിലുണ്ട്. വളരുന്ന ശരീരങ്ങൾക്കാവശ്യമായ നിയമങ്ങൾ അവിടെയും കാണപ്പെടുന്നു.

കൂടാതെ, മനുഷ്യൻ സ്വേഛാചാരിയായ സചേതന വസ്തുവാണ്. സ്വപരിശ്രമംകൊണ്ട് അവൻ ആഹാരം ശേഖരിക്കുന്നു; തന്റെ ശരീരത്തെ താൻതന്നെ കാത്തുരക്ഷിക്കുന്നു; വംശ നിലനിൽപിന്നായി താൻ തന്നെ ഏർപ്പാട് ചെയ്യുന്നു. ഈ ഇനത്തിൽപെട്ട ജീവികളും പ്രപഞ്ചത്തിൽ നിരവധിയുണ്ട്. കരയിലും വെള്ളത്തിലും വായുവിലും അസംഖ്യം ജീവജാലങ്ങളുണ്ട്. വളരുന്ന സചേതന വസ്തുക്കളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ നിയമങ്ങൾ അവിടെയും പൂർണമായി പ്രവർത്തിക്കുന്നു.

മനുഷ്യന് സർവോപരി മറ്റൊരസ്തിത്വം കൂടിയുണ്ട്; അതിന് നാം ധാർമികാസ്ഥിത്വമെന്ന് പറയുന്നു. മനുഷ്യനിൽ നന്മ-തിന്മകളുടെ ബോധമുണ്ട്; നന്മ-തിന്മകൾ വിവേചിച്ചറിയാനുള്ള ശക്തിയുണ്ട്; നല്ലതും ചീത്തയും ചെയ്യുവാനുള്ള ശക്തിയുണ്ട്. നന്മക്ക് നല്ലതും തിന്മക്ക് തിയ്യതുമായ ഫലം വെളിപ്പെടണമെന്ന് അവന്റെ പ്രകൃതി ആവശ്യപ്പെടുന്നു. നീതി, അനീതി; സത്യം, അസത്യം; ദയ, നിർദയത്വം; കൃതജ്ഞത, കൃതഘ്നത; ഔദാര്യം, ലുബ്ധ്; വിശ്വസ്തത, വഞ്ചന തുടങ്ങിയ വിവിധ ഗുണങ്ങളെ അവൻ വേർതിരിച്ചു മനസ്സിലാക്കുന്നു. പ്രസ്തുത ഗുണങ്ങൾ അവന്റെ കർമ ജീവിതത്തിൽ കാണപ്പെടുന്നു. ഇതെല്ലാം കേവലം ഭാവനവസ്തുക്കളല്ല. ഇവയുടെ പ്രത്യാഘാതങ്ങൾ, മനുഷ്യനാഗരികതയിൽ പ്രതിഫലിക്കുന്നുണ്ട്. അതിനാൽ, മനുഷ്യപ്രകൃതി ശക്തിപൂർവ്വം ആവശ്യപ്പെടുന്നു, മനുഷ്യപ്രവർത്തനങ്ങളുടെ പ്രാകൃതികഫലങ്ങളെന്നപോലെ ധാർമികഫലങ്ങളും പ്രത്യക്ഷീഭവിക്കണമെന്ന്.

എന്നാൽ, പ്രാപഞ്ചിക വ്യവസ്ഥയിൽ അവഗാഢമായൊന്ന് ചിന്തിച്ചുനോക്കുക: മനുഷ്യപ്രവർത്തനങ്ങളുടെ ധാർമിക ഫലങ്ങൾ ഇവിടെ പൂർണമായും പ്രത്യക്ഷപ്പെടുക സാധ്യമാണോ? അതിനിവിടെ സാധ്യതയില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. കാരണം, അതിനുള്ള ഏർപ്പാടുതന്നെ ഇവിടെ ചെയ്യപ്പെട്ടിട്ടില്ല. നമ്മുടെ അറിവിൽപ്പെട്ടിടത്തോളം, ധാർമികാസ്ഥിത്വമുള്ള ഒരു സൃഷ്ടി, മനുഷ്യനൊഴികെ ഇവിടെ കാണപ്പെടുന്നില്ല. പ്രാപഞ്ചികവ്യവസ്ഥയഖിലം പ്രകൃതിനിയമമനുസരിച്ചാണ് ചലിക്കുന്നത്. ധാർമികനിയമങ്ങൾക്ക് എവിടെയും ആധിപത്യമുള്ളതായി

കാണുന്നില്ല. ഇവിടെ പണത്തിന് നിലയും വിലയുമുണ്ട്. സത്യത്തിനു നിലയോ വിലയോ ഇല്ല. ഇവിടെ മാങ്ങയണ്ടിയിൽനിന്ന് എപ്പോഴും മാവു തന്നെ മുളക്കുന്നു! എന്നാൽ, സത്യത്തിന്റെ വിത്ത് വിതക്കുന്നവരുടെ മേൽ ചിലപ്പോൾ പുഷ്പവർഷമുണ്ടാകുമെങ്കിൽ ചിലപ്പോൾ –അല്ല, പല പ്പോഴും– ശകാരങ്ങളും അക്രമമർദനങ്ങളുമാണ് വർഷിക്കപ്പെടുന്നത്. ഇവിടെ ഭൗതികപദാർഥങ്ങൾക്ക് നിശ്ചിത നിയമങ്ങൾക്കൊത്ത് നിശ്ചിത ഫലങ്ങൾ വെളിപ്പെടുന്നു. എന്നാൽ ധാർമിക മൂല്യങ്ങൾക്ക് നിശ്ചിത ഫ ലങ്ങൾതന്നെ എപ്പോഴും വെളിപ്പെടത്തക്ക നിർണിത നിയമങ്ങളില്ല; പ്രകൃ തിനിയമങ്ങളുടെ ആധിപത്യം നിമിത്തം ധാർമിക ഫലങ്ങൾ പലപ്പോഴും വെളിപ്പെടുകതന്നെയില്ല; വെളിപ്പെട്ടാൽത്തന്നെ പ്രകൃതിനിയമങ്ങൾ അനു വദിക്കുന്നത്ര മാത്രം. എന്നല്ല, ഒരു പ്രവർത്തനത്തിന് ഒരു പ്രത്യേക ഫലം വെളിപ്പെടുവാൻ ധർമം ആവശ്യപ്പെടുകയും, പക്ഷേ, പ്രകൃതിനിയമങ്ങ ളുടെ കൈകടത്തൽ കാരണം തികച്ചും വ്യത്യസ്തമായ മറ്റൊരു ഫലം പ്രത്യക്ഷത്തിൽ വരുകയും ചെയ്യുകയെന്നത് ധാരാളം സംഭവിക്കുന്നു ണ്ട്. മാനുഷിക പ്രവർത്തനങ്ങളുടെ ധാർമിക ഫലങ്ങൾ ഒരു നിശ്ചിത വ്യവസ്ഥയനുസരിച്ച് പ്രത്യക്ഷീഭവിക്കുവാൻ മനുഷ്യൻ തന്റെ നാഗരി ക– രാഷ്ട്രീയവ്യവസ്ഥകൾ വഴി കുറേയെല്ലാം ശ്രമിച്ചിട്ടുണ്ടെങ്കിലും അത് അങ്ങേയറ്റം പരിമിതവും അപൂർണവുമാണ്. ഒരു വശത്ത് പ്രകൃതിനിയ മങ്ങൾ അതിനെ പരിമിതവും അപൂർണവുമാക്കുന്നുവെങ്കിൽ മറുവശത്ത് മനുഷ്യന്റെ തന്നെ നിരവധി ന്യൂനതകളും ബലഹീനതകളും അതിന്റെ അപൂർണതയെയും അപ്രായോഗികതയെയും പൂർവോപരി വർധിപ്പിക്കു കയും ചെയ്യുന്നു.

ചില ഉദാഹരണങ്ങളിലൂടെ എന്റെ ഉദ്ദേശ്യം വ്യക്തമാക്കാം. ഒരാൾ അപരനോടുള്ള ശത്രുത കാരണം അയാളുടെ വീടിനു തീകൊളുത്തി യാൽ അത് കത്തിനശിക്കുന്നു. ഇതവന്റെ പ്രവൃത്തിയുടെ സ്വാഭാവിക ഫലമാണ്. ഈ കടുംകൈ ചെയ്തവൻ ഒരു കുടുംബത്തിന് എത്രമാത്രം നാശനഷ്ടങ്ങൾ ഏൽപിച്ചുവോ അത്രയും ശിക്ഷ അനുഭവിക്കുക എന്ന താണ് ഇതിന്റെ ധാർമിക ഫലം. എന്നാൽ, ഈ ധാർമിക ഫലം പ്രത്യ ക്ഷപ്പെടണമെങ്കിൽ എന്തെല്ലാം ഉപാധികൾ ഒത്തുകൂടണം? തീകൊളു ത്തിയവനാരെന്നു കണ്ടുപിടിക്കണം. പോലീസിന് അവനെ പിടികിട്ടണം. കുറ്റം തെളിയണം. വീട് അഗ്നിക്കിരയായതിനാൽ ആ കുടുംബത്തിനും ഭാവിതലമുറക്കും എന്തെന്ത് നാശനഷ്ടങ്ങൾ സംഭവിച്ചുവെന്ന് കൃത്യ മായും തിട്ടമായും കണക്കാക്കുവാൻ കോടതിക്ക് കഴിയണം. എന്നിട്ട്

നീതിപൂർവം കുറ്റവാളിക്ക് തക്ക ശിക്ഷ നൽകുകയും വേണം. ഈ ഉപാധികളൊന്നെങ്കിലും പൂർത്തിയാവാത്ത പക്ഷം ഒന്നുകിൽ ധാർമികഫലം തീരേ പ്രത്യക്ഷപ്പെടുകയില്ല; അല്ലെങ്കിൽ ചെറിയൊരംശം മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ. പ്രതിയോഗിയെയും കുടുംബത്തെയും മുടിച്ചുകളഞ്ഞ് അവനിവിടെ സുഖാനന്ദത്തോടെ ജീവിക്കുകയെന്നതും സംഭാവ്യമാണ്.

ഇതിലും വിപുലമായ മറ്റൊരുദാഹരണം എടുക്കാം: ഏതാനും വ്യക്തികൾ സമുദായത്തിൽ സ്വാധീനം നേടുന്നു; സമുദായം അവരുടെ ചൊൽപടിക്കു ചലിച്ചുതുടങ്ങുന്നു. ഈ സന്ദർഭം ഉപയോഗപ്പെടുത്തി അവർ സമുദായത്തിൽ വർഗീയപക്ഷപാതവും സാമ്രാജ്യത്വ വികാരവും സൃഷ്ടിച്ചുവിടുന്നു; അയൽരാഷ്ട്രങ്ങളോട് സമരം നടത്തുന്നു; ലക്ഷോപലക്ഷം വ്യക്തികളെ കൊന്നൊടുക്കുന്നു; അനേകം രാജ്യങ്ങളെ തകർത്തു തരിപ്പണമാക്കുന്നു; കോടിക്കണക്കായ മനുഷ്യരെ ഹീനരും പതിതരുമായി ജീവിക്കുവാൻ നിർബന്ധിതരാക്കുന്നു. ഈ കഠിനകൃത്യങ്ങൾ മനുഷ്യചരിത്രത്തിൽ ഭയങ്കര പ്രത്യാഘാതങ്ങളുളവാക്കുന്നു. ഭാവിതലമുറ നൂറ്റാണ്ടുകളോളം തൽക്കെടുതികളനുഭവിക്കുന്നു. ഈ കൊടുംപാതകത്തിനുത്തരവാദികളായ ചുരുക്കം വ്യക്തികൾക്ക് അവരുടെ കുറ്റത്തിനനുയോജ്യവും നീതിപൂർവകവുമായ ശിക്ഷ ഐഹിക ജീവിതത്തിൽതന്നെ ലഭിക്കുക സാധ്യമാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അവരിൽ ഓരോരുത്തനെയും അരിഞ്ഞ് കഷ്ണങ്ങളാക്കിയെന്നുവെക്കുക; ജീവനോടെ തീയിലിട്ടു ദഹിപ്പിച്ചെന്നു വിചാരിക്കുക; അല്ല, മനുഷ്യകഴിവിൽപ്പെട്ട വിധത്തിലെല്ലാം ശിക്ഷിച്ചുവെന്നുതന്നെ സങ്കൽപിക്കുക, എന്നാൽത്തന്നെയും, കോടാനുകോടി മനുഷ്യർക്കും അവരുടെ കണക്കറ്റ ഭാവിതലമുറകൾക്കും ആ അക്രമികളേൽപിച്ച നാശനഷ്ടങ്ങൾക്ക് അത് തുല്യ ശിക്ഷയായിരിക്കില്ലെന്ന് തികച്ചും വ്യക്തമാണ്. ഈ പ്രാപഞ്ചിക വ്യവസ്ഥയിൽ നടക്കുന്ന പ്രകൃതിനിയമമനുസരിച്ച് അവരുടെ കുറ്റങ്ങൾക്ക് തക്കശിക്ഷ ലഭിക്കുക തീരേ സാധ്യവുമല്ല.

ഇനി മറുവശത്ത് സജ്ജനങ്ങളെ നോക്കുക. അവർ മനുഷ്യരാശിക്ക് സത്യവും നേർമാർഗവും പഠിപ്പിച്ചു; സന്മാർഗദീപം കാണിച്ചുകൊടുത്തു. മനുഷ്യതലമുറകൾ നിരവധി നൂറ്റാണ്ടുകളായി അതിന്റെ സദ്ഫലങ്ങളാസ്വദിക്കുന്നു. ഇനിയും അനേകകാലം ആസ്വദിക്കുകയും ചെയ്യും. ഒന്നു ചിന്തിച്ചുനോക്കുക, ഈ സജ്ജനങ്ങളുടെ മഹൽസേവനങ്ങൾക്കുള്ള പൂർണ പ്രതിഫലം ഈ ലോകത്തുവെച്ച് ലഭിക്കുക സാധ്യമാണോ? ഒരാ

ളുടെ പ്രവർത്തനഫലം അയാളുടെ മരണത്തോടുകൂടി അവസാനിക്കുന്നില്ലെങ്കിൽ ആയിരമായിരം സംവത്സരങ്ങളോളം നിരവധി മനുഷ്യ തലമുറകളിൽ അതു വ്യാപിച്ചുകൊണ്ടിരിക്കുമെങ്കിൽ അതിനെല്ലാമുള്ള പൂർണപ്രതിഫലം ഇന്നത്തെ പ്രകൃതിനിയമങ്ങളുടെ ചട്ടക്കൂടിൽ അയാൾക്കാസ്വദിക്കാമെന്നു നിങ്ങൾക്കെങ്ങനെ ചിന്തിക്കുവാൻ കഴിയും?

മുൻ പ്രസ്താവിച്ചപോലെ ഒന്നാമതായി, മാനുഷിക പ്രവർത്തനങ്ങളുടെ ധാർമികഫലങ്ങൾ പൂർണമായും പ്രത്യക്ഷപ്പെടാറുള്ള പഴുതുതന്നെ ഇന്നത്തെ പ്രകൃതിനിയമങ്ങൾക്കകത്തില്ല. രണ്ടാമതായി, മനുഷ്യന്റെ അൽപകാല ജീവിതപ്രവർത്തനങ്ങളുടെ പ്രത്യാഘാതം അതിവിപുലവും ദൂരവ്യാപകവുമാണ്. കോടാനുകോടിവർഷത്തെ ജീവിതംകൊണ്ട് മാത്രമേ ഓരോ പ്രവർത്തനത്തിന്റെയും പൂർണഫലം അനുഭവിക്കാനാവൂ. നിലവിലുള്ള പ്രകൃതിനിയമമനുസരിച്ചാണെങ്കിൽ അത്ര നീണ്ട ഒരു ജീവിതം മനുഷ്യനു ലഭ്യമല്ല. ഇതിൽനിന്ന് ഒരു സംഗതി വ്യക്തമാവുന്നു: മനുഷ്യാസ്തിത്വത്തിലെ ഭൗതികാംശങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രകൃതിലോകവും (Physical World) പ്രകൃതി നിയമങ്ങളും ധാരാളം മതിയെങ്കിലും അവനിലെ ധാർമികവും സദാചാരപരവുമായ അംശങ്ങൾക്ക് ഈ ലോകം തീരേ പര്യാപ്തമല്ല. അതിന് മറ്റൊരു ലോകവ്യവസ്ഥ കൂടിയേ കഴിയൂ. അതിലെ ഭരണനിയമം (Governing Law) ധാർമിക നിയമമായിരിക്കണം; പ്രകൃതിനിയമം അതിനുകീഴിൽ സഹായകമെന്ന നിലക്കു മാത്രം വർത്തിക്കണം; അതിൽ ജീവിതം അപരിമേയവും നിസ്സീമവുമായിരിക്കണം; ഇഹലോകത്ത് പ്രത്യക്ഷപ്പെടാതിരുന്നതോ വിരുദ്ധമായി പ്രത്യക്ഷപ്പെട്ടതോ ആയ എല്ലാ ധാർമിക ഫലങ്ങളും അവിടെ ശരിയായും പൂർണമായും പ്രത്യക്ഷപ്പെടണം; അവിടെ വെള്ളിക്കും സ്വർണത്തിനുമല്ല, സത്യത്തിനും നന്മക്കുമായിരിക്കണം ഘനവും തൂക്കവും വിലയും; ധാർമികമായി കത്തിനശിക്കാൻ അർഹമായതിനെ മാത്രമേ അവിടെ അഗ്നി കത്തിക്കാവൂ. അവിടെ സുഖാനന്ദങ്ങൾ സദ്വൃത്തന്നും ദുഃഖയാതനകൾ ദുർവൃത്തന്നും മാത്രം ലഭിക്കണം; അങ്ങനെ ഒരു ലോകം വരണമെന്ന്, തീർച്ചയായും വരണമെന്ന് ബുദ്ധി ആഗ്രഹിക്കുന്നു, പ്രകൃതി ആവശ്യപ്പെടുന്നു.

ബുദ്ധിപരമായ തെളിവുകളെ സംബന്ധിച്ചിടത്തോളം, അവ നമ്മെ "അങ്ങനെ ഒരു ലോകം ആവശ്യമാണ്" എന്ന അതിർത്തിവരെ കൊണ്ടുചെന്നുവിടുന്നു. അങ്ങനെയൊരു ലോകം വാസ്തവത്തിലുണ്ടോ എന്ന

പ്രശ്നമാണെങ്കിൽ അതിനെക്കുറിച്ച് വിധികൽപിക്കുവാൻ നമ്മുടെ ബുദ്ധിയും ശാസ്ത്രവും രണ്ടും അശക്തങ്ങളാണ്. ഇവിടെയാണ് ഖുർ ആൻ നമ്മുടെ സഹായത്തിനെത്തുന്നത്. അത് നമ്മോട് പറയുന്നു: നിങ്ങ ളുടെ ബുദ്ധിയും നിങ്ങളുടെ പ്രകൃതിയും ഏതൊന്നാവശ്യപ്പെടുന്നുവോ അത് വാസ്തവത്തിൽ സംഭവിക്കുകതന്നെ ചെയ്യും; പ്രകൃതിനിയമങ്ങ ളിൽ അധിഷ്ഠിതമായ ഇന്നത്തെ ലോകവ്യവസ്ഥ ഒരിക്കൽ നശിക്കു ന്നതും മറ്റൊരു വ്യവസ്ഥ രൂപപ്പെടുന്നതുമാണ്; അതിൽ ആകാശഭൂമി കളും മറ്റെല്ലാ വസ്തുക്കളും ഇന്നത്തേതിൽനിന്ന് വ്യത്യസ്തമായ മറ്റൊരു നിലയിലായിരിക്കും; അനന്തരം ലോകാരംഭം മുതൽ അന്ത്യനാൾവരേ യുണ്ടായ മുഴുവൻ മനുഷ്യരേയും അല്ലാഹു വീണ്ടും സൃഷ്ടിക്കുന്നതും ഒരേ സമയത്ത് തന്റെ സന്നിധിയിൽ ഹാജരാക്കുന്നതുമാണ്. ഓരോ വ്യക്തിയുടെയും ഓരോ ജനതയുടെയും മുഴുവൻ മനുഷ്യവംശത്തി ന്റെയും ജീവിതറിക്കാർഡ് യാതൊരുവിധ ഏറ്റക്കുറവും കൂടാതെ സുര ക്ഷിതമായി അവിടെ സ്ഥിതി ചെയ്യുന്നുണ്ടായിരിക്കും; ഓരോ വ്യക്തി യുടെയും കർമങ്ങൾക്ക് ഇഹലോകത്തുണ്ടായ പ്രത്യാഘാതങ്ങളുടെ പൂർണ റിപ്പോർട്ടും അവിടെ ഇണ്ടായിരിക്കും. പ്രസ്തുത പ്രത്യാഘാത ങ്ങൾ പ്രതിഫലിച്ച മുഴുവൻ തലമുറകളും സാക്ഷിക്കൂട്ടിൽ ഹാജരാക്ക പ്പെടും; മനുഷ്യന്റെ വാക്കുകളുടെയും പ്രവൃത്തികളുടെയും മുദ്രപതി ഞ്ഞിട്ടുള്ള ഓരോ അണുവും അതിന്റെ കഥ പറയും; എന്നല്ല, മനുഷ്യന്റെ കൈകാലുകൾ, കണ്ണ്, ചെവി തുടങ്ങിയ ഓരോ അവയവവും സാക്ഷി നിൽക്കും; അവയെ മനുഷ്യൻ എങ്ങനെ ഉപയോഗിച്ചുവെന്ന് പറയും. അനന്തരം സർവോന്നതനായ വിധികർത്താവ് പൂർണ നീതിയോടെ വിധി പറയും; ആർ, എത്തരം രക്ഷാശിക്ഷകൾക്കർഹരാണെന്ന്. പ്രസ്തുത രക്ഷയും ശിക്ഷയും അതിവിപുലവും വ്യാപകവുമായിരിക്കും. നിലവി ലുള്ള ലോകവ്യവസ്ഥയുടെ പരിമിത തോതുകൾവെച്ച് അത് കണക്കാ ക്കുകതന്നെ സാധ്യമല്ല. അവിടത്തെ സ്ഥലകാല മാനദണ്ഡം ഇവിടത്തേ തിൽനിന്നു വ്യത്യസ്തമായിരിക്കും. വിലകളും തോതുകളും ഭിന്നമായി രിക്കും. അവിടത്തെ പ്രകൃതിനിയമം മറ്റൊരു വിധത്തിലായിരിക്കും. മനു ഷ്യന്റെ ഏതേത് സൽക്കർമഫലങ്ങളും പ്രത്യാഘാതങ്ങളും ഇഹലോ കത്ത് സഹസ്ര സംവത്സരങ്ങളോളം നീണ്ടുനിൽക്കുന്നുണ്ടോ അതിനെ ല്ലാമുള്ള പൂർണഫലം അവിടെവച്ച് ആസ്വദിക്കുവാൻ കഴിയും. മരണമോ രോഗമോ വാർധക്യമോ ഒന്നും തന്നെ അവിടത്തെ സുഖാനന്ദങ്ങളെ തടസ്സപ്പെടുത്തുന്നതല്ല. അതുപോലെ, മനുഷ്യന്റെ ഏതേത് ദുഷ്കർമ ഫലങ്ങൾ ഇഹലോകത്ത് ആയിരമായിരം സംവത്സരങ്ങളോളം

അസംഖ്യം തലമുറകളിൽ വ്യാപിച്ചുകൊണ്ടിരുന്നുവോ അതിനെല്ലാമുള്ള തക്ക ശിക്ഷയും അവിടെവെച്ചനുഭവിക്കേണ്ടിവരും. മരണമോ ബോധ ക്ഷയമോ ഒന്നുംതന്നെ പ്രസ്തുത ശിക്ഷയിൽനിന്നു മോചിപ്പിക്കുകയില്ല!

ഇങ്ങനെയുള്ള ഒരു ജീവിതവും ഇത്തരമൊരു ലോകവും അസംഭ വ്യമെന്നു വിചാരിക്കുന്നവരുടെ അൽപബുദ്ധിയിൽ എനിക്കനുകമ്പയാണ് തോന്നുന്നത്. നമ്മുടെ ഇന്നത്തെ ലോകവ്യവസ്ഥ, ഇന്നത്തെ പ്രകൃതി നിയമങ്ങളോടുകൂടി നിലകൊള്ളുക സാധ്യമാണെങ്കിൽ മറ്റൊരു ലോക വ്യവസ്ഥ മറ്റൊരു നിയമത്തോടുകൂടി എന്തുകൊണ്ട് നിലവിൽവന്നുകൂടാ? എന്നാൽ, അങ്ങനെയൊരു ലോകം തീർച്ചയായും ഉണ്ടാകുമെന്ന് ഖണ്ഡിതമായും സ്ഥാപിക്കുക യുക്തിയുടെയോ ശാസ്ത്രത്തിന്റെയോ പരിധിയിൽപ്പെട്ടതല്ല. അതിന് "ഈമാനുംബിൽഗൈബ്" (അദൃശ്യവി ശ്വാസം) തന്നെ വേണം!

●

മരണാനന്തരം മറ്റൊരു ജീവിതമുണ്ടോ? അതിന്റെ സ്വഭാവമെന്താണ്? അതിലുള്ള വിശ്വാസം യുക്തിസഹമാണോ? ശാസ്ത്രം അതെപ്പറ്റി എന്തെങ്കിലും പ്രസ്താവിക്കുന്നുണ്ടോ? മരണാനന്തരം ജീവിതം ഉണ്ടായാലും ഇല്ലെങ്കിലും പ്രശ്നമല്ലെന്ന അജ്ഞേയവാദ നിലപാട് ശരിയാണോ? ഇത്തരം സംശയങ്ങൾക്ക് സംതൃപ്തമായ വിശദീകരണങ്ങൾ നൽകുന്ന ലഘുകൃതി.

# മരണാനന്തര ജീവിതം

## അബുൽഅഅ്ലാ മൗദൂദി


പ്രസാധനം

ജമാഅത്തെ ഇസ്ലാമി കേരള

വിതരണം

**ഇസ്ലാമിക് പബ്ലിഷിംഗ്ഹൗസ്**

[illegible] കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം

വില 2/-

MAJ